# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **5806** 02.07.2014-ൽ മറുപടിയ്ക്ക്

## ചാക്കമാർ സമുദായത്തിന് ആനുകൂല്യങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ചാക്കമാർ സമുദായത്തെ സംവരണ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതു വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും വിശദമാക്കുമോ; | (എ) | കേരള ഗവൺമെന്റിന്റെ അദർ എലിജിബിൽ കമ്മ്യൂണിറ്റി (എസ്.സി) ലിസ്റ്റിൽ 1964 മുതൽ 'ചാക്കമർ' സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് അർഹ സമുദായമെന്ന (ഒ.ഇ.സി-എസ്.സി) നിലയ്ക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ (ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവ) ചാക്കമർ സമുദായത്തിനും നൽകുന്നുണ്ട്. എന്നാൽ സംവരണാനുകൂല്യങ്ങൾക്ക് അർഹതയില്ല. |
| (ബി) | ചാക്കമാർ സമുദായത്തിന് പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യവും ജോലി സംവരണവും മുൻകാലങ്ങളിൽ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എന്നുവരെ ഈ ആനുകൂല്യം ലഭിച്ചിരുന്നുവെന്നും പിന്നീട് ഈ ആനുകൂല്യം ലഭിക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കുമോ; | (സി) | ഭരണഘടനയുടെ ആർട്ടിക്കിൾ 341-ന്റെ അടിസ്ഥാനത്തിൽ 1950-ൽ നിലവിൽ വന്ന പട്ടികജാതി ലിസ്റ്റിൽ ചാക്കമർ സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ 1956-ലും 1976-ലും 2002-ലും ലിസ്റ്റിൽ വന്ന ഭരണഘടന ഭേദഗതി പ്രകാരവും ചാക്കമർ സമുദായം പട്ടികജാതിയായി അംഗീകരിച്ചിട്ടില്ല. |
| (ഡി) | ചാക്കമാർ വിഭാഗത്തെ പട്ടികജാതി വിഭാഗത്തിൽ വീണ്ടും ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് ചാക്കമാർ മഹാസഭ സംസ്ഥാന സർക്കാരിന് നൽകിയ നിവേദനങ്ങൾ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ തീരുമാനം എടുക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | നിലവിൽ ചാക്കമർ മഹാസഭ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തെക്കുറിച്ച് വിശദമായ നരവംശശാസ്ത്ര പഠനം കിർത്താഡ്സ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക വിഭാഗങ്ങളിൽ ഒന്നായ ചാക്കമാർ വിഭാഗത്തിന് വിദ്യാഭ്യാസ ഉദ്യോഗ സംവരണങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദാമാക്കുമോ ? | (ഇ) | ടി സമുദായത്തെക്കുറിച്ച് പഠനം നടത്തി കിർത്താഡ്സ് സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ